ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളായ 34 പേർക്കെതിരെ വിജിലൻസ് അന്വേഷണവും 5 പേർക്കെതിരെ വിജിലൻസ് കേസുകളുടെ അന്വേഷണവും നടന്നുവരുന്നു. വിജിലൻസ് അന്വേഷണങ്ങളുടേയും വിജിലൻസ് കേസുകളുടേയും രഹസ്യസ്വഭാവം നിലനിറുത്തേണ്ടതിനാൽ പൊതുമേഖലാസ്ഥാപനങ്ങളുടേയോ മേധാവികളുടേയോ വിശദവിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല. കൂടാതെ അന്വേഷണം പൂർത്തിയായാൽ മാത്രമേ ആരോപണത്തിൻമേൽ ബന്ധപ്പെട്ട മേധാവികളുടെ പങ്ക് വെളിവാകുകയുള്ളൂ.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രമിക്കുന്നതാണ്.

കുന്ദമംഗലത്ത് സിവിൽ കോടതി ആരംഭിക്കാൻ നടപടി

76 [81] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി കോടതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് കോടതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട് ജില്ലയുടെ കിഴക്കൻ മേഖലയിലെ ആളുകൾക്ക് സിവിൽ കോടതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കോഴിക്കോട് വരെ യാത്ര ചെയ്യുന്നതിനുള്ള പ്രയാസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി പ്രവർത്തിക്കുന്ന കുന്ദമംഗലത്ത് ഒരു സിവിൽ കോടതികൂടി ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എടുത്ത നടപടി വിശദമാക്കാമോ;

(എഫ്) കുന്ദമംഗലത്ത് സിവിൽ കോടതിയുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതുതായി കോടതികൾ തുടങ്ങുന്നതിന് കോടതികളുടെ ഒരു മുൻഗണനാ പട്ടിക സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട 26-7-2004-ാം തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.റ്റി.) 1642/2004/ആഭ്യന്തരം അനുബന്ധമായി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി—എഫ്) ഉണ്ട്. കുന്ദമംഗലത്ത് മുൻസിഫ് കോടതി സ്ഥാപിക്കണമെന്ന അപേക്ഷ ബഹു:ഹൈക്കോടതിയുടെ പരിഗണനയിലാണ്. എല്ലാ വശങ്ങളും പരിശോധിച്ചശേഷം ബഹു:ഹൈക്കോടതി നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം പാലിച്ച് കോടതി സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികളും
എസ്.ടി./സി.സി. കേസുകളും

77 [82] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് നിലവിൽ എത്ര ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കാമോ;

(ബി) ഈ കോടതികളിലെല്ലാമായി എത്ര എസ്.ടി./സി.സി. കേസ്സുകൾ നിലവിലുണ്ടെന്നറിയിക്കാമോ;

(സി) ഇവയിൽ ആറുമാസത്തിൽ കൂടുതൽ പഴക്കമുള്ള എത്ര എസ്.ടി. കേസ്സുകൾ തീർപ്പാക്കാൻ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ക്രിമിനൽ കേസ്സുകൾ ഏറ്റവും കൂടുതൽ നിലനിൽക്കുന്ന കോടതികൾ ഏതെല്ലാമാണ്;

(ഇ) പുതിയ ജുഡിഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതികൾ ആരംഭിക്കണമെന്ന് ബഹു: ഹൈക്കോടതിയോട് ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുണ്ടോ;

(എഫ്) തിരുവനന്തപുരം നഗരത്തിലെ കുടപ്പനക്കുന്നിൽ ജുഡിഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ജി) ഈ നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പതിനേഴ് മുൻസിഫ് മജിസ്ട്രേറ്റ് കോടതികളുൾപ്പെടെ 127 ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly